**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **10.03.2017-ൽ മറുപടിക്ക്**
**ചോദ്യം നം. 2871**

## കടലിൽ അനധികൃത മത്സ്യബന്ധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നവർ ഉപേക്ഷിക്കുന്ന വസ്തുക്കൾ മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതു തടയാൻ നടപടികളുണ്ടാകുമോ; | (എ) | കടലിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നവർ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഉപയോഗ ശൂന്യമായ നെറ്റുകൾ, പടലുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മത്സ്യ ആവാസ വ്യവസ്ഥകളെ ദോഷകരമായി ബാധിക്കുന്നുണ്ട്. ആയത് തടയുന്നതിലേയ്ക്കായി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് കടലിനെ മാലിന്യ മുക്തമാക്കുന്നതിലേക്കായി ഫിഷറീസ് വകുപ്പിലെ മറൈൻ ജില്ലാ ഓഫീസർമാർ വഴി, ബോധവൽക്കരണം നടത്തുന്നതിനും കൂടാതെ നിയമ വിധേയമല്ലാത്ത രീതിയിലുള്ള മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കെ.എം.എഫ്.ആർ ആക്ട്, 1980 പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്നതുമൂലം തദ്ദേശവാസികളും മറ്റ് പ്രദേശങ്ങളിൽ നിന്നുള്ളവരും തമ്മിൽ സംഘർഷം ഉണ്ടാകുന്നത് തടയാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | അനധികൃത മത്സ്യബന്ധനം തടയുന്നതിന് ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സംഘർഷം ഉണ്ടായാൽ പോലീസ് നടപടി എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ